പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6633

21.11.2019-ൽ മറുപടിക്ക്

ദുരന്തസാധ്യതയുള്ള പ്രദേശം കണ്ടെത്തുന്നതിന് ത്രിമാന ഭൂപടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പടിഞ്ഞാറൻ തീരത്തിന്റെ 250 മീറ്റർ വീതിയിൽ കേരള തീരത്ത് അപകടസാധ്യത വിശകലനം നടത്തി ദുരന്തസാധ്യതയുള്ള പ്രദേശം കണ്ടെത്തുന്നതിനായി ഒരു ത്രിമാന ഭൂപടം തയ്യാറാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ദുരന്ത സാധ്യതയുള്ള മേഖല കണ്ടെത്തി ത്രിമാന ഭൂപടം നിർമ്മിക്കുക എന്നത് ഏറെ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളതും ഫിഷറീസ് വകുപ്പിന് മാത്രമായി നടപ്പാക്കാൻ കഴിയാത്ത ഒരു പദ്ധതിയുമാണ്. ആകയാൽ ത്രിമാന ഭൂപടം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്ഥാപനമായ Kerala State Remote Sensing & Environment Centre മായും കേന്ദ്രസ്ഥാപനമായ INCOIS മായും ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി ഒരു ഉപഗ്രഹ അധിഷ്ഠിത നാവിഗേഷൻ കാലാവസ്ഥാ പ്രവചന സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കടലിൽ 1500 കി.മീറ്റർ വരെ അകലത്തിൽ വിവരങ്ങൾ എത്തിക്കുന്നതിന് 'നാവിക്' സഹായകമാകും. ISRO 'നാവിക്' സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. കെൽട്രോൺ DAT (Distress Alert Transmitter) സംവിധാനവും കൂടി ഉൾപ്പെടുത്തി വ്യാവസായിക മായി 'നാവിക്' നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. ഇതുവരെയായി 875 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ